**പതിമൂന്നാം കേരള നിയമ സഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 1115 13-06-2013 -ലെ മറുപടിക്ക്

## കേന്ദ്രത്തിന്റെ വരൾച്ചാസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | സമ്പൂർണ്ണ വരൾച്ച സംസ്ഥാനമായി സർക്കാർ പ്രഖ്യാപിച്ച കേരളത്തിന് കേന്ദ്രം അനുവദിച്ച തുക എത്രയെന്ന് വെളിപ്പെടുത്താമോ; | എ) | 2012-13 സാമ്പത്തിക വർഷം തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് ജില്ലകളെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 1995.3878 കോടി രൂപയുടെ അധിക ധനസഹായത്തിനും സംസ്ഥാനം പൂർണ്ണമായും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 7888.0965 കോടി രൂപയുടെ അധിക ധനസഹായത്തിനും കേന്ദ്രസർക്കാരിന് മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ഇതിൽ ആദ്യ മെമ്മോറാണ്ടം കേന്ദ്രം പരിഗണിക്കുകയും വരൾച്ചാ ധനസഹായമായി 62.61 കോടി രൂപ അംഗീകരിച്ചുവെങ്കിലും 18.31 കോടി രൂപയാണ് യഥാർത്ഥത്തിൽ അനുവദിച്ച് കിട്ടിയിട്ടുള്ളത്. സംസ്ഥാനം പൂർണ്ണമായും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച 7888.0965 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) | ഇതിനായി സംസ്ഥാനം പ്രത്യേക പാക്കേജ് കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഈയിനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും കിട്ടിയ തുക എത്രയെന്ന് വ്യക്തമാക്കാമോ? | ബി) | വരൾച്ച നേരിടുന്നതിന് ഒരു സ്പെഷ്യൽ പാക്കേജായി 3936.81 കോടി രൂപ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുക ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ